# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 6085. 07-11-2016 ൽ മറുപടിയ്ക്ക്

## മുഞ്ഞ ബാധ കാരണമുള്ള നെൽകൃഷി നാശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ മുഞ്ഞ ബാധിച്ച് ഹെക്ടർ കണക്കിന് നെൽകൃഷി നശിക്കുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. കുട്ടനാട്ടിൽ രണ്ടാം കൃഷി ഇറക്കിയ പാടശേഖരങ്ങളിൽ ഏകദേശം 395 ഹെക്ടർ സ്ഥലത്തെ നെൽകൃഷി മുഞ്ഞ ബാധിച്ച് നശിച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കൃഷി നഷ്ടമുണ്ടായ വിസ്തൃതി കൃത്യമായി കണക്കാക്കാൻ മുഞ്ഞബാധിച്ച എല്ലാ പാടശേഖരങ്ങളിലും ഏരിയൽ സർവ്വെ നടത്തിയിട്ടുണ്ട്. ഇതുവഴിയുള്ള വിവര ശേഖരണം അന്തിമഘട്ടത്തിലാണ്. |
| (ബി) | എങ്കിൽ കുട്ടനാട്ടിൽ ഏകദേശം 400 ഹെക്ടർ നെൽകൃഷി മുഞ്ഞബാധയിൽ നശിച്ച കാര്യം പരിശോധിച്ചിട്ടുണ്ടോ; | | |
| (സി) | നെൽകൃഷിയെ ഇപ്രകാരം മുഞ്ഞ ബാധിക്കാനിടയായ സാഹചര്യം എന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | കാലാവസ്ഥാഘടകങ്ങളിലെ വ്യതിയാനം മുഞ്ഞബാധ വ്യാപിക്കുന്നതിന് അനുയോജ്യമായതാണ്, മുഞ്ഞബാധ വർദ്ധിക്കുന്നതിന് കാരണമായതെന്നാണ് മങ്കൊമ്പ് കീട നിരീക്ഷണ കേന്ദ്രത്തിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആഗസ്റ്റ് അവസാനം സെപ്റ്റംബർ ആദ്യം അനുഭവപ്പെടാറുള്ള മഴ കുറഞ്ഞതും പകൽ-രാത്രി താപനിലകൾ തമ്മിലുള്ള കൂടിയ വ്യതിയാനവും തുടർന്നും നിലനിന്നത് കീടബാധ വർദ്ധിക്കുന്നതിന് കാരണമായി. ഇതിനോടൊപ്പം മുഞ്ഞയുടെ സ്വാഭാവിക നിയന്ത്രണം സാദ്ധ്യമാക്കുന്ന മിത്രകീടങ്ങളുടെ എണ്ണം ഗണ്യമായി കുറഞ്ഞതും മുഞ്ഞയുടെ ഏകപക്ഷീയമായ വംശവർദ്ധനവിന് ഇടയാക്കി. എങ്കിലും കൃത്യമായ കൃഷിയിട സർവ്വേയിലൂടെ കീടസാന്നിദ്ധ്യം മുൻകൂട്ടി തിരിച്ചറിഞ്ഞതിനാൽ കൂടുതലിടങ്ങളിലേക്ക് കീടബാധ വ്യാപിപ്പിക്കാതെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ മുഞ്ഞബാധയെ തടഞ്ഞ് നെൽകൃഷിയെ സംരക്ഷിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ? | (ഡി) | കൃത്യമായ കൃഷിയിട നിരീക്ഷണത്തിലൂടെ കീടരോഗ സാന്നിദ്ധ്യങ്ങൾ ആദ്യമേ നിർണ്ണയിക്കുക. അനാവശ്യമായ കീടനാശിനി പ്രയോഗത്തിൽ നിന്നും കർഷകരെ പിന്തിരിപ്പിക്കുന്നതിനാവശ്യമായ സമഗ്രമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക. ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള 'നല്ല കൃഷിമുറകൾ' നടപ്പിലാക്കുക. മറ്റ് പരിസ്ഥിതി സൗഹൃദ കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നിവ വഴി കീടബാധ നിയന്ത്രിക്കുന്നതിനും വിളനഷ്ടം ഒഴിവാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ